# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എരഞ്ഞോളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കണ്ണൂർ

670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/ സി.7/1072/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 23/10/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എരഞ്ഞോളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/ സി.7/1072/2021 തീയ്യതി: 23/10/2021

## കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-01-2020 മുതൽ 05-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 06-09-2021 | 22-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-09-2021 | 22-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ -ഓഡിറ്റ് ഓഫീസർ( ഹ ഗ്രേ)
ശ്രീ.ഷിജു.എ - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഉഷ.എ - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീനാഥ്.വി - ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.എ.കെ.രമ്യ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.മാത്യു.കെ.എം | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജിനി ജേക്കബ്(ഇൻചാർജ്ജ് ) | കൃഷി ഓഫീസർ | 01-04-2019 | 11-06-2019 |
| ശ്രീ.ഷിഹാബ് ബാബു (ഇൻചാർജ്ജ് ) | കൃഷി ഓഫീസർ | 12-06-2019 | 09-10-2019 |
| ശ്രീമതി.നീതു പ്രഭാകർ | കൃഷി ഓഫീസർ | 10-10-2019 | 31-03-2020 |
| ഡോ.ദീപ.എ | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ഡോ.ബിജോയ്.സി.പി | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-04-2019 | 31-03-2020 |
| ഡോ.ഷിനി.കെ.കെ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 11-03-2020 |
| ഡോ.ഡിജോ ജോസ് .എം(ഇൻചാർജ്ജ് ) | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 12-03-2020 | 31-03-2020 |
| ശ്രീമതി.സുമിത.വി | വി ഇ ഒ (എരഞ്ഞോളി ) | 01-04-2019 | 11-10-2019 |
| ശ്രീമതി.രസിത.കെ.എം(ഇൻചാർജ്ജ്) | വി ഇ ഒ (എരഞ്ഞോളി) | 12-10-2019 | 23-10-2019 |
| ശ്രീ.ഷിബിൻ.ടി(ഇൻചാർജ്ജ്) | വി ഇ ഒ (എരഞ്ഞോളി) | 24-10-2019 | 11-11-2019 |
| ശ്രീ.ശ്രീജേഷ്.ടി | വി ഇ ഒ (എരഞ്ഞോളി) | 12-11-2019 | 31-03-2020 |
| ശ്രീമതി.സുമിത.വി(ഇൻചാർജ്ജ് ) | വി ഇ ഒ (വടക്കുമ്പാട്) | 01-04-2019 | 24-05-2019 |
| ശ്രീ.ഷിബിൻ.ടി | വി ഇ ഒ (വടക്കുമ്പാട്) | 25-05-2019 | 20-09-2019 |
| ശ്രീമതി.സുമിത.വി(ഇൻചാർജ്ജ് ) | വി ഇ ഒ (വടക്കുമ്പാട്) | 21-09-2019 | 11-10-2019 |
| ശ്രീമതി.രസിത.കെ.എം(ഇൻചാർജ്ജ്) | വി ഇ ഒ (വടക്കുമ്പാട്) | 12-10-2019 | 23-10-2019 |
| ശ്രീ.ഷിബിൻ.ടി | വി ഇ ഒ (വടക്കുമ്പാട്) | 24-10-2019 | 04-01-2020 |
| ശ്രീ.ശ്രീജേഷ്.ടി(ഇൻചാർജ്ജ് ) | വി ഇ ഒ (വടക്കുമ്പാട്) | 05-01-2020 | 10-02-2020 |
| ശ്രീ.ഷിബിൻ.ടി | വി ഇ ഒ (വടക്കുമ്പാട്) | 11-02-2020 | 31-03-2020 |
| ശ്രീമതി.സോന.എം.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.സന്തോഷ്.പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീ.ശശീന്ദ്രൻ.പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.ഫാത്തിമ.വി.വി(ഇൻചാർജ്ജ് ) | ഹെഡ് മാസ്റ്റർ | 01-04-2019 | 31-05-2019 |

| | | | |
|---|---|---|---|
| ശ്രീ.ദയാനന്ദൻ.വി | ഹെഡ് മാസ്റ്റർ | 01-06-2019 | 16-07-2019 |
| ശ്രീ.പ്രേമരാജൻ.പി.വി | ഹെഡ് മാസ്റ്റർ | 17-07-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lathavani (Audit Officer, On 18-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lathavani (Audit Officer, On 18-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 1-2 |
| 3 | മുൻകൂർ നൽകിയ തുക ക്രമീകരിച്ചിട്ടില്ല<br>Written By: Lathavani (Audit Officer, On 21-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 1-2-1 |
| 4 | കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയിൽ മാറ്റമില്ലാതെ തുടരുന്നു<br>Written By: Lathavani (Audit Officer, On 21-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-10-2021) | 1-2-2 |
| 5 | ക്യൂബിൽ തുക രേഖപ്പെടുത്തിയിട്ടില്ല<br>Written By: Lathavani (Audit Officer, On 21-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 1-2-3 |
| 6 | ചെലവ് തെറ്റായ ഇനത്തിൽ ചേർത്തു<br>Written By: Lathavani (Audit Officer, On 21-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 1-2-4 |
| 7 | സാമ്പത്തിക വിശകലനം<br>Written By: Lathavani (Audit Officer, On 18-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 1-3 |
| 8 | ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-10-2021) | 1-4 |
| 9 | പദ്ധതി അവലോകനം<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-10-2021) | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: Usha.A (Asst. Audit Officer, On 20-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-10-2021) | 1-6 |
| 11 | ക്ഷേമ പദ്ധതികൾ<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 1-7 |
| 12 | വാർദ്ധക്യകാല പെൻഷൻ വിതരണത്തിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 22-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-10-2021) | 1-7-1 |
| 13 | അവിവാഹിത പെൻഷൻ വിതരണത്തിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 22-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 1-7-2 |
| 14 | വിധവ പെൻഷൻ വിതരണത്തിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 22-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 1-7-3 |
| 15 | ക്യാഷ് പരിശോധന<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathavani (Audit Officer, On 22-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 1-9 |
| 17 | ഗ്രാമ സഭ<br>Written By: Lathavani (Audit Officer, On 22-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 1-10 |
| 18 | കമ്മിറ്റികൾ<br>Written By: Lathavani (Audit Officer, On 22-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-10-2021) | 1-11 |
| 19 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനെന്ന നിലയിൽ കെട്ടിട നികുതി ഈടാക്കുന്നത്<br>Written By: SREENATH V (Auditor, On 20-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-10-2021) | 1-12 |

| | | |
|---|---|---|
| 20 | കെട്ടിട നിർമ്മാണത്തിന് അനുമതി നൽകൽ - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത<br>Written By: SREENATH V (Auditor, On 22-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 1-13 |
| 21 | ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്താത്തത്.<br>Written By: SREENATH V (Auditor, On 20-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 1-14 |
| 22 | ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.<br>Written By: SREENATH V (Auditor, On 20-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 1- 15 |
| 23 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 20-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 1-16 |
| 24 | മോട്ടോർ റണ്ണിങ്ങ് ഫീസ് ഈടാക്കിയതിലെ അപാകതകൾ.<br>Written By: SREENATH V (Auditor, On 20-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 1-17 |
| 25 | വിവരാവകാശ രജിസ്റ്റർ ഫയൽ പരിശോധന അപാകതകൾ<br>Written By: Usha.A (Asst. Audit Officer, On 20-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-10-2021) | 1-18 |
| 26 | IKMന് കോൺട്രിബ്യൂഷൻ നൽകൽ - അപാകതകൾ<br>Written By: Shiju A (Asst. Audit Officer, On 22-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 1-19 |
| 27 | കുടിവെള്ള പദ്ധതി ലൈൻ വലിക്കൽ - അപാകതകൾ<br>Written By: Shiju A (Asst. Audit Officer, On 22-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-10-2021) | 1- 20 |
| 28 | പെരുന്താറ്റിൽ വലിയപറമ്പ സ്ക്കൂളിൽ ടോയ്‌ലറ്റ് നിർമ്മാണം അപാകങ്ങൾ - ₹ 189588/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Usha.A (Asst. Audit Officer, On 20-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-10-2021) | 1- 21 |
| 29 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച കരാറുകാരിൽ നിന്നും ജി. എസ്. ടി. ഇൻവോയിസ്, സെൽഫ് ഡിക്ലറേഷൻ ഫോറം എന്നിവ വാങ്ങി സൂക്ഷിച്ചിട്ടില്ല.<br>Written By: Usha.A (Asst. Audit Officer, On 20-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 1-22 |
| 30 | കാലി ടാർ ബാരൽ വിലയുടെ ജി.എസ്.ടി - വകുപ്പിൽ ഒടുക്കിയിട്ടില്ല<br>Written By: Usha.A (Asst. Audit Officer, On 20-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-10-2021) | 1-23 |
| 31 | കൃഷി ഓഫീസർ - പദ്ധതി അവലോകനം<br>Written By: Shiju A (Asst. Audit Officer, On 22-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 1-24 |
| 32 | വെറ്റിനറി സർജൻ- പദ്ധതി അവലോകനം<br>Written By: Shiju A (Asst. Audit Officer, On 22-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-10-2021) | 1-25 |
| 33 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ - വിതരണ രേഖകൾ ലഭ്യമാക്കിയില്ല 8437/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Usha.A (Asst. Audit Officer, On 20-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-10-2021) | 1-26 |
| 34 | വീടിന് പുതിയ മേൽക്കൂര പദ്ധതി - അപാകതകൾ<br>Written By: Shiju A (Asst. Audit Officer, On 22-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-10-2021) | 1-27 |
| 35 | എസ് എസ് എ വിഹിതം നൽകൽ - രേഖകൾ ഹാജരാക്കേണ്ടതാണ്.<br>Written By: SREENATH V (Auditor, On 21-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-10-2021) | 1-28 |
| 36 | യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം പദ്ധതി | 1- 29 |

| | | |
|---|---|---|
| | നടപ്പിലാക്കാത്തത്.<br>Written By: SREENATH V (Auditor, On 21-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-10-2021) | |
| 37 | വടക്കുമ്പാട് ഹൈസ്കൂൾ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ധനസഹായം നൽകൽ -അപാകതകൾ - 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: SREENATH V (Auditor, On 21-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-10-2021) | 1-30 |
| 38 | കേരളോത്സവം - പദ്ധതി നടത്തിപ്പിലെ അപാകതകൾ - 99,917/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: SREENATH V (Auditor, On 21-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-10-2021) | 1-31 |
| 39 | സാക്ഷരത തുല്യത പരീക്ഷ ഫീസ് ഒടുക്കൽ -അപാകതകൾ - 37,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: SREENATH V (Auditor, On 21-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-10-2021) | 1-32 |
| 40 | സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ പൊതു ആവശ്യത്തിനായി കുളം നിർമ്മിച്ചു നൽകിയത് - മുദ്രപത്രത്തിൽ കരാർ ചമച്ചിട്ടില്ല<br>Written By: Usha.A (Asst. Audit Officer, On 20-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 1-33 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-10-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: Lathavani (Audit Officer, On 20-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: Lathavani (Audit Officer, On 20-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathavani (Audit Officer, On 22-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-10-2021) | 4-10 |
| 11 | ഓഡിറ്റ് ഇംപാക്റ്റ്<br>Written By: SREENATH V (Auditor, On 23-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-10-2021) | 4-11 |

| | | |
|---|---|---|
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-10-2021) | 4-12 |



**അനുബന്ധം**



| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 3 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | ബാലൻസ് ഷീറ്റ് |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| ഭരണ സമിതിതീരുമാനം നമ്പർ/ തീയ്യതി | 21/19, Dt.18.02.2019 | |
| പുതുക്കിയ തീരുമാനം നമ്പർ , തീയ്യതി | 2/20 Dt.20.03.2020 | |
| ഇനം | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ്പ്രകാരം |
| മുന്നിരിപ്പ് | 94,89,977.19 | 1,18,21,554.19 |
| വരവ് | 9,75,72,859.00 | 12,70,76,310.00 |
| ആകെ | 10,70,62,836.19 | 13,88,97,864.19 |
| ചെലവ് | 10,03,70,373 | 13,07,72,427 .00 |
| നീക്കിയിരിപ്പ് | 66,92,463.19 | 81,25,437.19 |

ബജറ്റ് പ്രൊപ്പോസലുകൾ ആവശ്യപ്പെടുന്നതിലും സമർപ്പിക്കുന്നതിലും, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളും ,ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നിർദ്ദേശങ്ങൾ പരിശോധിക്കുന്നതിലും,അംഗീകരിക്കുന്നതിലും ബജറ്റ് മാന്വലിൽ നിർദ്ദേശിച്ചിരിയ്ക്കുന്ന പ്രകാരമുള്ള സമയക്രമം പാലിച്ചിട്ടുണ്ട്. ചില ഘടകസ്ഥാപന മേധാവികൾ സമർപ്പിച്ച പ്രൊപ്പോസലുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല . ബജറ്റ് പ്രസംഗം അവതരിപ്പിച്ചിട്ടുണ്ട്. എന്നാൽ പെർഫോർമൻസ് ബജറ്റ് &ജൻഡർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ,ബജറ്റ് മാനുവൽ (GO(Rt) 3291/16 LSGD തീയതി 2.12.2016) പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

ഭരണസമിതിയുടെ 27.05.2020 തീയതിയിലെ 77/2020 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 08.06.2020 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 മുൻകൂർ നൽകിയ തുക ക്രമീകരിച്ചിട്ടില്ല

പൈപ്പ് ലൈൻ ദീർഘിപ്പിക്കാനായി KWA ക്ക് 1,50,000/- രൂപ ഡെപ്പോസിറ്റ് ചെയ്തു. ആയത് മുൻകൂർ എന്ന ശീർഷകത്തിൽ ഉൾപ്പെടുത്താതെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് മുമ്പ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുത്തി.

### 1-2-2 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയിൽ മാറ്റമില്ലാതെ തുടരുന്നു

1) ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയില്ല. B-3 ഷെഡ്യൂളിൽ കാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ മുൻവർഷത്തെ തുക തന്നെ ആവർത്തിച്ചിരിയ്ക്കുന്നു.
2) ആസ്തി രജിസ്റ്ററിൽ ആസ്തിയുടെ മൂല്യം ചേർക്കുന്നില്ല. അതിനാൽ ആസ്തി രജിസ്റ്റർ B-11 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ കഴിയുന്നില്ല.

### 1-2-3 ക്യൂബിൽ തുക രേഖപ്പെടുത്തിയിട്ടില്ല

ഈ വർഷം ക്യൂബിൽ ആയ പ്രോജക്ടുകളുടെ ആകെ തുക 80.20 ലക്ഷം ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

### 1-2-4 ചെലവ് തെറ്റായ ഇനത്തിൽ ചേർത്തു

അംഗൻവാടി ന്യൂട്രീഷൻ, എസ് എസ് എ ചെലവുകൾ എന്നിവ I-14(A) സർവ്വീസ് സെക്ടർ ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതിന് പകരം I-14(C) - "മേഖല വിഭജനത്തിൽ ഉൾപ്പെടാത്ത" ഷെഡ്യൂളിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 1,49,47,932.28 |
| ഓഡിറ്റ് വർഷത്തെ വരവ് | 4,53,12,340.00 |
| ആകെ | 6,02,60,272.28 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,09,86,384.00 |
| നീക്കിയിരിപ്പ് | 1,92,73,888.28 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,84,942 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട് മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ക്യൂബിൽ | ലാപ്സ്/ നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 1,05,85,000 | 1,05,85,000 | 95,99,057 | 9,85,943 | 0 |
| വികസന ഫണ്ട് (എസ് സി പി ) | | 9,37,000 | 9,37,000 | 4,97,194 | 75,000 | 3,64,806 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | | 72,05,000 | 72,05,000 | 29,80,813 | 42,24,187 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | | 32,47,000 | 32,47,000 | 22,25,082 | 5,95,437 | 4,26,481 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 80,93,995 | 80,93,995 | 42,87,995 | 2139933 | 1666067 |
| കേന്ദ്രാവിഷ്കൃത വിഹിതം | | | | | | |
| ഐസി ഡിഎസ് | 3,32,575 | 765145 | 10,97,720 | 882489 | | 215231 |
| എം പി ഫണ്ട് | 70,106, | 2755 | 72,861 | 45 | | 72,816 |
| ശുചിത്വം | 517627 | 14,565 | 5,32,192 | 230153 | | 302039 |
| ശുചിത്വം -ടോയ്‌ലെറ്റ് നിർമ്മാണം | | 24,000 | 24,000 | 12,000 | | 12,000 |
| ആരോഗ്യ ഇൻഷ്വറൻസ് പുതുക്കൽ | | 6110 | 6110 | 2860 | | 3250 |

| | | | | | | |
|---|---|---|---|---|---|---|
| ശുചിത്വം -മഴക്കാല പൂർവ്വ ശുചീകരണം | 1,60,000 | 0 | 1,60,000 | 1,60,000 | | 0 |
| സംസ്ഥാനാവിഷ്കൃത വരവുകൾ | | | | | | |
| സാക്ഷരത | 1,37,143.20 | 5,556 | 1,42,699.20 | 0 | | 1,42,699.20 |
| വിമുക്തി | 35,100 | 0 | 35,100 | 0 | | 35,100 |
| ജീവ ധാര | 1588 | 0 | 1588 | 0 | | 1588 |
| കേരളോത്സവം | 35,000 | 0 | 35,000 | 20,000 | | 15,000 |
| പ്രളയ ദുരിതാശ്വാസ നിധി | 2922 | 19,969 | 22891 | 22,891 | | 0 |
| ദുരിതാശ്വാസ നിധി | 42,779 | 1733 | 44512 | 0 | | 44512 |
| ഗുണഭോക്തൃ വിഹിതം | 63592 | 6,55,104 | 7,18,696 | 6,98,772 | 0 | 19,924 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | അടങ്കൽ | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | ചെലവ് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 160 | 109 | 5,57,55,795 | 87 | 22 | 2,78,92,546 | 51 | 54.37 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി അടങ്കൽ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | ചെലവഴിച്ച പദ്ധതികളുടെ എണ്ണം |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 1973544 | 14 | 821110 | 11 |
| 2 | വെറ്റിനറി സർജൻ | 1593000 | 8 | 1076780 | 7 |
| 3 | മെഡിക്കൽ ഓഫീസർ (പിഎച്ച് സി) | 1031519 | 6 | 1008401 | 6 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 636500 | 2 | 636500 | 2 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എരഞ്ഞോളി) | 3611520 | 8 | 1747005 | 7 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വടക്കുമ്പാട്) | 35,62,500 | 8 | 942321 | 5 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3783930 | 7 | 3563103 | 7 |
| 8 | സെക്രട്ടറി | 8750739 | 26 | 3098697 | 16 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 26380095 | 66 | 12055821 | 37 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 29,25,448 | 10 | 14,55,891 | 7 |
| 11 | ഹെഡ് മാസ്റ്റർ, വടക്കുമ്പാട് എച്ച് എസ് | 1507000 | 5 | 1486917 | 4 |
| | ആകെ | 5,57,55,795 | 160 | 2,78,92,546 | 109 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | തിരിച്ചടച്ച തുക | ബാക്കി |
|---|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6281.89 | 586024.00 | 592305.89 | 288889 | 6643 | 296773.89 |
| തൊഴിലാളികളുടെ കൂലി | | 6141882 | 6141882 | 6141882 | | |

2019-2020 വർഷം ആക്ഷൻ പ്ലാൻ പ്രകാരം 433 പ്രവൃത്തികൾക്ക് അംഗീകാരം കിട്ടിയതിൽ 70 എണ്ണം നടപ്പിലാക്കിയതിൽ 51 എണ്ണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2019-2020 വർഷം ആകെ 21028 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ തൻവർഷം 157 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ അനുവദിക്കാനും സാധിച്ചിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1991400 | 150 |
| തൊഴിൽരഹിത വേതനം | 1680 | 1 |
| വിധവാ പെൻഷൻ | 7713600 | 1040 |
| വാർദ്ധക്യകാല പെൻഷൻ | 29362000 | 2206 |
| വികലാംഗ പെൻഷൻ | 3715200 | 267 |
| അവിവാഹിത പെൻഷൻ | 3090000 | 390 |
| വിവാഹ ധനസഹായം | 90000 | 3 |

## 1-7-1 വാർദ്ധക്യകാല പെൻഷൻ വിതരണത്തിലെ അപാകങ്ങൾ

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ തരം | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|
| വാസുദേവൻ.എം.വി | 985157251614 | 111460200356 | 4.1.2019 | (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 7/19 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| സത്യനാഥൻ കെ കെ | 480682645767 | 111460202247 | 21.12.2018 | (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 7/19 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| അനന്തൻ.എൻ - | 800322029237 | 111460200357 | 26.12.2018 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 7/19 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| അനന്തൻ എം | 690341337927 | 111460200393 | 12.2.2019 | ഇന്ദിരാ ഗാന്ധി | 7/19 വരെ |

| | | | | | |
|---|---|---|---|---|---|
| | | | | ദേശീയ വാർദ്ധക്യകാല പെൻഷൻ) | പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| ഭാസ്കരൻ എ | 738883549236 | 111460201286 | 20.2.2019 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 4/19വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |

മേൽ പരാമർശിച്ചവരുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും, വാസുദേവൻ.എം.വി, ഭാസ്കരൻ എ എന്നവരുടെ മരണശേഷം ബാങ്ക് അക്കൗണ്ടിലേക്ക് അധികമായി അടച്ച തുക തിരിച്ചടക്കുന്നതിന് ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്നും എന്നാൽ ബാങ്ക് തുക തിരിച്ചടച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല എന്നും , മരണമടഞ്ഞ മറ്റ് പെൻഷനറുടെ അക്കൗണ്ടിലേക്ക് അധികം അക്കൗണ്ട് ചെയ്ത രൂപ തിരിച്ചടക്കുന്നതിനു ഓഡിറ്റ് എൻക്വയറി നൽകിയതിനെ (നം. 16 തീയതി 15.09.2021) തുടർന്ന് ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. മുഴുവൻ പെൻഷനർമാരുടെയും ലിസ്റ്റ് പരിശോധനക്ക് വിധേയമാക്കി മരണപ്പെട്ട ഗുണഭോക്താക്കളെ ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കേണ്ടതും അധികമായി കൈപ്പറ്റിയ തുക തിരിച്ചടക്കേണ്ടതുമാണ്.

## 1-7-2 അവിവാഹിത പെൻഷൻ വിതരണത്തിലെ അപാകങ്ങൾ

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ തരം | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|
| സൗമിനി പി പി | 897031266177 | 111460500104 | 12.12.2018 | (50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ) | 7/19 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| ജലജ.സി | 613389939214 | 111460500304 | 25.2.2019 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ) | 4/19വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |

മേൽ പരാമർശിച്ചവരുടെ പെൻഷൻ സസ്പെൻഡ്ചെയ്തിട്ടുണ്ടെന്നും ,മരണമടഞ്ഞ ഇവരുടെ അക്കൗണ്ടിലേക്ക് അധികം അക്കൗണ്ട് ചെയ്ത രൂപ തിരിച്ചടക്കുന്നതിനു ഓഡിറ്റ് എൻക്വയറി നൽകിയതിനെ (നം. 16 തീയതി 15.09.2021) തുടർന്ന് ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. മുഴുവൻ പെൻഷനർമാരുടെയും ലിസ്റ്റ് പരിശോധനയ്ക്ക് വിധേയമാക്കി മരണപ്പെട്ട ഗുണഭോക്താക്കളെ ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കേണ്ടതും അധികമായി കൈപ്പറ്റിയ തുക തിരിച്ചടക്കേണ്ടതുമാണ്.

## 1-7-3 വിധവ പെൻഷൻ വിതരണത്തിലെ അപാകങ്ങൾ

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ തരം | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|
| മീനാക്ഷി ടി പി | 711552559094 | 111460600033 | 26.2.2019 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | 4/19വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |

മേൽ പരാമർശിച്ചവരുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും, മരണമടഞ്ഞ ഇവരുടെ അക്കൗണ്ടിലേക്ക് അധികം അക്കൗണ്ട് ചെയ്ത തുക തിരിച്ചടക്കുന്നതിന ഓഡിറ്റ് എൻക്വയറി നൽകിയതിനെ (നം. 16 തീയതി 15.09.2021) തുടർന്ന് ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. മുഴുവൻ പെൻഷനർമാരുടെയും ലിസ്റ്റ് പരിശോധനക്ക് വിധേയമാക്കി മരണപ്പെട്ട ഗുണഭോക്താക്കളെ ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കേണ്ടതും അധികമായി കൈപ്പറ്റിയ തുക തിരിച്ചടക്കേണ്ടതുമാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.09.2021 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24,541/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണം

2019-20 വർഷം സ്റ്റാഫ് മീറ്റിംഗ് പ്രതിമാസം യോഗം ചേർന്നിട്ടുണ്ട്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് സ്റ്റാഫ് മീറ്റിംഗിൽ ചർച്ച ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ കൂട്ടിചേർത്ത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് നികുതി പുതുക്കി നിശ്ചയിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി വിലയിരുത്തുന്നുണ്ട്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനായി തീരുമാനിക്കുകയും മുതൽ കൂട്ടുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യസുരക്ഷ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെടുന്നത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പാളിച്ചയാണ്. ആയത് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ഗ്രാമ സഭ

2019-20 വർഷം 3 ഗ്രാമ സഭ കൂടിയിട്ടുണ്ട്.

| തീയതി | അജണ്ട |
|---|---|
| 5.7.2019 | കർഷക ഗ്രാമസഭ, വിവിധ പെൻഷൻ, പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, ഓഡിറ്റ് റിപ്പോർട്ട് അവതരണം MGNREGS പദ്ധതി |
| 7.12.2019 | 2020-21 ലേബർ ബജറ്റ് അംഗീകരിക്കൽ, ഹരിത ഗ്രാമ സഭ, 2019-20 വാർഷിക പദ്ധതി |
| 02.02.2020 | 2019-20 വാർഷിക പദ്ധതി അവലോകനം 2020-21വാർഷിക പദ്ധതി കരട് നിർദ്ദേശങ്ങൾ അംഗീകരിക്കൽ, PMAY ആവാസ് യോജന ഗുണഭോക്താക്കളെ അംഗീകരിക്കൽ, ഒറ്റതവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകളുടെ നിരോധനം |

ഗ്രാമ സഭകളിൽ ജന പ്രാതിനിധ്യം നിശ്ചിത ക്വാറം തികയുന്നുണ്ട്.

## 1-11 കമ്മിറ്റികൾ

ആസൂത്രണ സമിതി

2019-20 വാർഷിക പദ്ധതി രൂപീകരണത്തിനായി ആസൂത്രണസമിതി 28.09.2018ലെ ഭരണസമിതിയുടെ 2/181/18(2) നമ്പർ പ്രകാരം പുന:സംഘടിപ്പിച്ചിട്ടുണ്ട്.

ആസൂത്രണ സമിതിയിൽ 22 അംഗങ്ങൾ ഉണ്ട്. 01.10.2018നാണ് സമിതി ആദ്യയോഗം ചേർന്നത്. ഈ യോഗത്തിൽ 2019-20 വർഷത്തെ വാർഷിക പദ്ധതി രൂപീകരണം 2018-19 പദ്ധതി അവലോകനം എന്നിവ ചർച്ച ചെയ്യുകയും, നിർദ്ദേശങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന് ശേഷം ഒരു തവണ മാത്രം (27.6.2019) യോഗം ചേർന്നിട്ടുണ്ട്. ഇതിൽ 2019-20 വർഷത്തെ വാർഷിക പദ്ധതി, ISO സർട്ടിഫിക്കേഷൻ, ജലസംരക്ഷണം, ഹരിതകർമ്മസേന പ്രവർത്തനം, തെരുവ് വിളക്ക് റിപ്പയർ എന്നീ പദ്ധതികൾ അവലോകനം ചെയ്തിട്ടുണ്ട്. മറ്റ് പദ്ധതി ചർച്ച ചെയ്തതിന്റെ മിനട്ട്സ് രേഖപ്പെടുത്തിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ്

2019-20 വാർഷിക പദ്ധതി രൂപീകരണത്തിനായി വർക്കിംഗ് ഗ്രൂപ്പ് 28.09.2018ലെ ഭരണസമിതിയുടെ 2/181/18(2) നമ്പർ പ്രകാരം പുന:സംഘടിപ്പിച്ചിട്ടുണ്ട്. 13 വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. പുന:സംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പ് 03.10.2018ന് ആദ്യയോഗം ചേർന്നിട്ടുണ്ട്. 2019-20 വർഷം 5 യോഗങ്ങൾ ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതി ഈ വർഷം പുന:സംഘടിപ്പിച്ചിട്ടില്ല. നിലവിലുള്ള മോണിറ്ററിംഗ് സമിതി തന്നെ തുടരുകയാണ് ചെയ്യുന്നത് .

വികസന സെമിനാർ 02.12.2018 ന് യോഗം ചേർന്ന് 2019-20 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയിട്ടുണ്ട്. യോഗത്തിൽ 130 പേർ പങ്കെടുത്തിട്ടുണ്ട്.

സ്റ്റിയറിംഗ് കമ്മിറ്റി - 04/19, 05/19, 01/21 മാസങ്ങളിൽ കൂടിയിട്ടില്ല. കൂടിയ യോഗങ്ങളുടെ മിനട്ട്സ് കൃത്യമായി എഴുതുന്നുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം - വാർഷിക പദ്ധതി ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി യോഗങ്ങൾ കൂടിയിട്ടുണ്ട്.

## 1-12 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനെന്ന നിലയിൽ കെട്ടിട നികുതി ഈടാക്കുന്നത്

എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ 2019-20 കാലയളവിൽ എഫ്.ടി.ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചപ്പോൾ പ്രസ്തുത കെട്ടിടങ്ങൾ പാർപ്പിട ആവശ്യത്തിനുള്ളതാണെന്ന് കാണാൻ സാധിച്ചു.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | വാർഡ്/കെട്ടിട നമ്പർ |
|---|---|---|---|
| 1 | കെ എൻ രവി | ശക്തി ഇൻഡസ്ട്രീസ് | III/77 |
| 2 | ടിപ്പു പി പി | കാളിയിൽ മത്സ്യ സ്റ്റാൾ | I/163 |
| 3 | നിർമല വി | പലചരക്ക് കട | VI/478 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.5 തീയതി 13/09/2021) മറുപടി സമർപ്പിച്ചിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.

1) ശക്തി ഇൻഡസ്ട്രീസിന്റെ 3/77 നമ്പർ കെട്ടിടം വാണിജ്യാവശ്യത്തിനുള്ള കെട്ടിടം തന്നെയാണ്. അസസ്മെൻറ് രജിസ്റ്ററിൽ ഷോപ്പ് എന്നുള്ളത് സഞ്ചയയിൽ തെറ്റായി രേഖപ്പെടുത്തി പോയതാണ്. തിരുത്തൽ വരുത്തിയതിന ശേഷം അപേക്ഷകനിൽ നിന്ന് കുറവ് വന്ന തുക ഈടാക്കുന്നതാണ്.

2) കാളിയിൽ മത്സ്യ സ്റ്റാൾ നടത്തുന്നത് 1/27 നമ്പർ കെട്ടിടത്തിലാണ്. പ്രസ്തുത കെട്ടിടം വാണിജ്യാവശ്യത്തിനുള്ളതാണ്. ലൈസൻസ് രജിസ്റ്ററിൽ പഴയ നമ്പർ തെറ്റായി രേഖപ്പെടുത്തി പോയതാണ്.

3) പലചരക്ക് കട നടത്തുന്നത് 6/479 നമ്പർ കെട്ടിടത്തിലാണ് പ്രസ്തുത കെട്ടിടം വാണിജ്യാവശ്യത്തിനുള്ളതാണ്. ലൈസൻസ് രജിസ്റ്റർ നമ്പർ 6/478 തെറ്റായി രേഖപ്പെടുത്തി പോയതാണ്.

എഫ്.ടി.ഇ.& ഒ.എസ് ലൈസൻസ് അനുവദിക്കുമ്പോൾത്തന്നെ സ്ഥാപനം സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ വസ്തു നികുതി അനുയോജ്യമായ ഉപയോഗ ഗണത്തിലാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ശക്തി ഇൻഡസ്ട്രീസിന്റെ 3/77 നമ്പർ കെട്ടിടവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ ആവശ്യമായ തിരുത്തൽ വരുത്തിയതിന ശേഷം അപേക്ഷകനിൽ നിന്ന് കുറവ് വന്ന തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13 കെട്ടിട നിർമ്മാണത്തിന് അനുമതി നൽകൽ - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. എന്നാൽ കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിട നമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിന്റെ കൃത്യത ഉറപ്പു വരുത്താൻ കഴിയുന്നില്ല. ആയതിനാൽ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്താൻ സാധിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിനും വരുമാന നഷ്ടം ഉണ്ടാകുന്നതിനും ഇത് കാരണമാകുന്നു.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും അനധികൃത നിർമ്മാണങ്ങൾ വഴി പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-14 ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്താത്തത്.

എരഞ്ഞോളി ഗ്രാമ പഞ്ചായത്തിലെ 2019-20 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കുവരുത്തിയിട്ടില്ല.

| തൊഴിൽനികുതി രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഒടുക്കാത്ത തൊഴിൽ നികുതി ഏതു പകുതിയിലേത് |
|---|---|---|
| 9 | സി ഡി എസ് ഓഫീസ് , എരഞ്ഞോളി പഞ്ചായത്ത് | രണ്ടാം പകുതി |
| 10 | വി ഇ ഒ ഓഫീസ്, എരഞ്ഞോളി പഞ്ചായത്ത് | രണ്ടാം പകുതി |
| 27 | വടക്കുമ്പാട് സർവീസ് സഹകരണ ബാങ്ക് മെയിൻ | രണ്ടാം പകുതി |

| | | |
|---|---|---|
| | ബ്രാഞ്ച് | |
| 28 | വടക്കുമ്പാട് സർവീസ് സഹകരണ ബാങ്ക് തോട്ടുമ്മൽ ബ്രാഞ്ച് | രണ്ടാം പകുതി |
| 29 | വടക്കുമ്പാട് സർവീസ് സഹകരണ ബാങ്ക് പാറക്കെട്ട് ബ്രാഞ്ച് | രണ്ടാം പകുതി |
| 30 | എരഞ്ഞോളി വനിതാ സഹകരണ സംഘം | രണ്ടാം പകുതി |
| 31 | തോട്ടുമ്മൽ വനിതാ സഹകരണ സംഘം | രണ്ടാം പകുതി |
| 37A | കെ എം ട്രേഡേഴ്സ്, ചോനാടം | രണ്ടാം പകുതി |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 17 തീയതി 17.09.2021) മറുപടിയായി പട്ടികയിലെ സ്ഥാപനങ്ങളിലെ (ക്രമ നം.10 ഒഴികെ) ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വരുമാനത്തിന് അനുസൃതമായ തൊഴിൽ നികുതിയാണോ ഒടുക്കിയിരിക്കുന്നതെന്ന് വ്യക്തമല്ല. കൂടാതെ പട്ടികയിലെ ക്രമ നം.10 വി ഇ ഒ ഓഫീസ് എരഞ്ഞോളിയിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാകേണ്ടതാണ്.

തൊഴിൽ നികുതി സംബന്ധമായ രേഖകളും രജിസ്റ്ററും കൃത്യമായി പരിപാലിക്കേണ്ടതും നികുതി കൃത്യമായി ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1- 15 ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2019-20 വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച രണ്ടിൽ കൂടുതൽ ജീവനക്കാരുള്ള സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല. പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 20 തീയതി 17.09.2021) മറുപടിയായി ഓഡിറ്റ് എൻക്വയറിയിൽ ചേർത്ത പട്ടികയിലെ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതിയും ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതിയും ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയവ ലഭ്യമാക്കേണ്ടതാണ്.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സ്ഥാപന ഉടമയുടെ പേര് | കെട്ടിട നമ്പർ | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 65 | പ്രഭ സ്റ്റോർ | അജിത എം | I/281 | 4 |
| 71 | യുനിക്കോ സീറ്റ് കവർ | ആരിഫ് ടി പി | IX/728 | 3 |
| 103 | സ്പാർക്ക് ഓട്ടോമോട്ടീവ് | വൈശാഖ് എസ് ആർ | VII/362A | 3 |
| 104 | കോയമ്പത്തൂർ സോ മിൽ | കെ എ മനോജ് കുമാർ | VIII/132,133,134 | 3 |

പഞ്ചായത്ത് പരിധിയിലെ രണ്ടിൽക്കൂടുതൽ പേർ ജോലി ചെയ്യുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ച് തൊഴിൽ നികുതി ഒടുക്കേണ്ടവർ ആയത് ഒടുക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും വിശദാംശങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

## 1-16 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ എഫ്.ടി.ഇ & ഒ ലൈസൻസ് ഈടാക്കി തുടങ്ങിയത് 01.04.2018 മുതലാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ യോഗ തീരുമാനത്തിന്റെ പകർപ്പ് സമർപ്പിച്ചിട്ടില്ല. ഉൽപ്പാദന മേഖലയിലെയും സേവന മേഖലയിലെയും സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ലാബുകളായി തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കി വരുന്നത്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുക്കുന്നതിനായി/ പുതുക്കുന്നതിനായി സമർപ്പിക്കപ്പെട്ട ഭൂരിഭാഗം അപേക്ഷകളിലും അന്വേഷണ റിപ്പോർട്ട് ഇല്ലാതെ തന്നെ/ അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ തന്നെ ലൈസൻസ് ഫീസ് നിശ്ചയിച്ച കാണുന്നു. അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ ലൈസൻസ് ഫീസ് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം-4തീയതി 13/09/2021) മറുപടിയായി 31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം തന്നെയാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. പുതുതായി ലൈസൻസ് അനുവദിക്കുമ്പോൾ മാത്രമാണ് അന്വേഷണ റിപ്പോർട്ടിൽ മൂലധനനിക്ഷേപം രേഖപ്പെടുത്താറുള്ളതെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി ലൈസൻസ് ഫീസ് ഭേദഗതി ചട്ട പ്രകാരമുള്ള ഫീസ് നിശ്ചയിച്ച് ഈടാക്കുന്നുണ്ടെങ്കിലും ഫീൽഡ് തല അന്വേഷണ റിപ്പോർട്ട് ഭൂരിഭാഗം അപേക്ഷകളിലും  രേഖപ്പെടുത്തുന്നില്ല. പുതുതായി ലൈസൻസ് എടുക്കുന്നതിനുള്ള അപേക്ഷകളിലും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളിലും ഫീൽഡ് തല അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തേണ്ടതാണ്. ഫീൽഡ് തല അന്വേഷണ പ്രകാരം കണക്കാക്കിയിട്ടുള്ള മൂലധന നിക്ഷേപവും ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസും അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ലൈസൻസ് ഫീസ് ഭേദഗതി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കുകയും ഉൽപാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമായി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-17 മോട്ടോർ റണ്ണിങ്ങ് ഫീസ് ഈടാക്കിയതിലെ അപാകതകൾ.

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടങ്ങൾ 18,19 പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന മോട്ടോറുകൾ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് ഈടാക്കാവുന്ന പരമാവധി മോട്ടോർ റണ്ണിങ്ങ് ഫീസ് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ മോട്ടോറുകൾ ഉപയോഗിക്കുന്ന ഭൂരിഭാഗം സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ റണ്ണിങ്ങ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന ലൈസൻസ് രജിസ്റ്ററിലും അപേക്ഷകളിലും മോട്ടോർ റണ്ണിങ്ങ് ഫീസ് ഈടാക്കിയത് രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 15 തീയതി 14.09.2021) മറുപടിയായി ഓഡിറ്റ് എൻക്വയറിയിൽ ചേർത്ത പട്ടികയിലെ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന മോട്ടോറിന്റെ പവറിന് അനുസൃതമായ റണ്ണിങ്ങ് ഫീസ് ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

മോട്ടോർ ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ചട്ട പ്രകാരമുള്ള റണ്ണിങ്ങ് ഫീസ് ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും റണ്ണിങ്ങ് ഫീസ് ഈടാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ പ്രത്യേക രജിസ്റ്ററിലോ ലൈസൻസ് രജിസ്റ്ററിലോ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## 1-18 വിവരാവകാശ രജിസ്റ്റർ ഫയൽ പരിശോധന അപാകതകൾ

പഞ്ചായത്തിന്റെ 2019-20 വർഷത്തെ വിവരാവകാശ രജിസ്റ്റർ, ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെടുകയുണ്ടായി .

1)വിവരാവകാശ നിയമം വഴി ഉള്ള അപേക്ഷകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ അപേക്ഷഫീസ്, രേഖകളുടെ പകർപ്പ് ,മറ്റിനങ്ങളുടെ ഫീസുകൾ എന്നി വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

2) വിവരാവകാശ നിയമം വഴി ഉള്ള അപേക്ഷകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ അപേക്ഷ നമ്പർ A1 2859 / 19 &അപേക്ഷ നമ്പർ 2979/ 19 എന്നീ അപേക്ഷകളുടെ മറുപടിയായി റിപ്പോർട്ട് കൊടുത്തു എന്നല്ലാതെ തീയതി രേഖപ്പെടുത്തിയതായി കാണുന്നില്ല .

വിവരാവകാശ രജിസ്റ്റർ കുറ്റമറ്റതാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-19 IKMന് കോൺട്രിബ്യൂഷൻ നൽകൽ - അപാകതകൾ

| | |
|---|---|
| പദ്ധതി നമ്പർ | 05/20 |
| അടങ്കൽ തുക | 49358/- (വികസന ഫണ്ട്-പൊതു വിഭാഗം -സാധാരണ വിഹിതം ) |
| ചെലവ് തുക | 49358 |
| Bill No. | 00498/30/9/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, എരഞ്ഞോളി ഗ്രാമപഞ്ചായത്ത് |
| പദ്ധതി | IKMന് കോൺട്രിബ്യൂഷൻ നൽകൽ |

പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് 2019-20ൽ IKMന് നൽകാനുള്ള കോൺട്രിബ്യൂഷൻ തുക നൽകാൻ വേണ്ടിയാണ്. മേൽപ്രകാരം തുക IKMന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് IKMൽനിന്നും ലഭ്യമാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

## 1- 20 കുടിവെള്ള പദ്ധതി ലൈൻ വലിക്കൽ - അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ &പേര് | 188/20-<br>(പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ KWA പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ) |
| അടങ്കൽ തുക | 16,50000 |
| ചെലവ് തുക | 1,50,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, എരഞ്ഞോളി ഗ്രാമപഞ്ചായത്ത് |
| ബിൽ നമ്പർ/തീയതി | 1346611/26/2/20 |

പഞ്ചായത്തിലെ കുടി വെള്ളം ഇല്ലാത്ത പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാനുള്ള പദ്ധതിയുമായി ബന്ധപ്പെട്ട ഒരു പ്രവ്യത്തിയാണിത്. കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട നടത്തിയ ഒരു ഡെപ്പോസിറ്റ് വർക്ക് ആണിത്. ഇത്തരംഡെപ്പോസിറ്റ് വർക്കുകൾ ചെയ്യുമ്പോൾ കരാർ നൽകുന്ന സ്ഥാപനത്തിൽ നിന്നും പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കേണ്ടതാണ്. എന്നാൽ ഈ പ്രവ്യത്തിയുമായി ബന്ധപ്പെട്ട ഫയലുകളിൽനിന്നും മേൽപ്പറഞ്ഞ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1- 21 പെരുന്താറ്റിൽ വലിയപറമ്പ സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മാണം അപാകങ്ങൾ - ₹ 189588/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ/പേര് | 117/20 (പെരുന്താറ്റിൽ വലിയപറമ്പ സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മാണം) |
| അടങ്കൽ | 203500 (സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| ചെലവ്<br>ചെക്ക് നമ്പർ/തീയതി | 189588<br>5733341/06.03.2020 – ₹186202<br>5733345/25.03.2020 – ₹ 3386 |
| കരാറുകാരന്റെ പേര് | സുരേശൻ.കെ |
| കരാർ തുക | 178204 |
| കരാർ തീയതി | AE/LSGD/ERY-05/2019- 20,15.10.19 |
| എം.ബുക്ക് നമ്പർ. | 12/2019-2020 |
| ആകെ പ്രവ്യത്തി മൂല്യം | 169275 |

മേൽ പദ്ധതി പ്രകാരം പെരുന്താറ്റിൽ വലിയപറമ്പ സ്കൂളിന് ടോയ്‌ലറ്റ് ബ്ലോക്കും 2 യൂറിനലുകളും നിർമ്മിച്ച് നൽകുന്നതിനു വേണ്ടിയാണ് 189588/- രൂപ ചെലവഴിച്ചത്. ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ എൽ.പി/യു.പി സർക്കാർ സ്കൂളുകൾ ഇല്ലാത്തതിനാൽ പ്രവത്തി നടപ്പാക്കിയ പെരുന്താറ്റിൽ വലിയപറമ്പ സ്കൂൾ എയിഡഡ് സ്കൂൾ വിഭാഗത്തിൽ ഉൾപ്പെടുന്നു. പദ്ധതി നടപ്പാക്കിയ പ്രസ്തുത സ്കൂളിൽ നിർമ്മാണ പ്രവർത്തനം നടത്തണം എന്ന് സ്കൂളിന്റെ ഉടമസ്ഥർ (മാനേജ്മെന്റ് കമ്മിറ്റി) രേഖാമൂലം

അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ അപേക്ഷ സമർപ്പിച്ചിട്ടില്ല. എയിഡഡ് മാനേജ്മെന്റ് സ്കൂളിൽ പശ്ചാത്തല സൗകര്യം ഒരുക്കുമ്പോൾ സ്കൂൾ മാനേജ്മെന്റുമായി കരാർ, സമ്മതപത്രം എന്നിവ ചമയ്ക്കേണ്ടതുണ്ട്. എന്നാൽ കരാർ, സമ്മതപത്രം എന്നിവ ചമച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന തൽസമയം ഉണ്ടാക്കിയ അപേക്ഷയും സമ്മതപത്രവും ഹാജരാക്കുകയാണ് ചെയ്തത് (നമ്പർ-02/2019-20 തീയ്യതി 09.09.2021). ഇതു ശരിയായ നടപടിയല്ല. മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. മേൽ പ്രതിപാദിച്ച അപാകങ്ങൾ കാരണം ₹ 189588യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച കരാറുകാരിൽ നിന്നും ജി. എസ്. ടി. ഇൻവോയിസ്, സെൽഫ് ഡിക്ലറേഷൻ ഫോറം എന്നിവ വാങ്ങി സൂക്ഷിച്ചിട്ടില്ല.

മരാമത്തു പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ജി.എസ്.ടി. കോമ്പൻസേഷൻ ഉൾപ്പടുത്തിയാണ് തയ്യാറാക്കിയിരിക്കുന്നത്. ആകെ പ്രവൃത്തി മൂല്യത്തിന്റെ 2% ജി. എസ്. ടി, ബില്ലിൽ നിന്നും കുറവു ചെയ്ത ശേഷമാണ് കരാറുകാർക്ക് തുക നൽകുന്നത്. 12% ജി.എസ്.ടി ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകുന്നതിനാൽ കരാറുകാരിൽ നിന്നും ജി.എസ്.ടി. ഇൻവോയിസ് ലഭ്യമാക്കേണ്ടതുണ്ട്. നിലവിൽ ഇത് ഇല്ലാതെ തന്നെ ജി.എസ്.ടി. ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിലെ മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കി തുക കൈപ്പറ്റിയ കരാറുകാരുടെ ജി.എസ്.ടി. ഇൻവോയിസ്, ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ച കരാറുകാരിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടിയിരുന്ന സ.ഉ.(സാധാ)നം. 2532/2018/ തസ്വഭവ 29.09.18ൽ നിർദ്ദേശിച്ച പ്രകാരമുള്ള സെൽഫ് ഡിക്ലറേഷൻ ഫോം, ജി.എസ്.ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ വാങ്ങി സൂക്ഷിക്കാറുണ്ടോ എന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ- 3/13.09.2019) ബില്ലിൽ നിന്നും ഈടാക്കുന്ന 2% ജി.എസ്.ടി. തുകയ്ക്ക് റിട്ടേൺ ഫയൽ ചെയ്യുന്ന തിനാൽ ജി.എസ്.ടി. അടക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനാണെന്നും ആയതു കൊണ്ട് സെൽഫ് ഡിക്ലറേഷൻ ഫോം സൂക്ഷിച്ചിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. 2019-20 ൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ച കരാറുകാരിൽ നിന്നും ജി.എസ്.ടി. ഇൻവോയിസ് വാങ്ങി സൂക്ഷിക്കേണ്ടതാണ്. ജി.എസ്.ടി ഇൻവോയിസ് ലഭ്യമാക്കി നികുതി ഒടുക്കുന്നതിന്റെ കൃത്യത നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

## 1-23 കാലി ടാർ ബാരൽ വിലയുടെ ജി.എസ്.ടി - വകുപ്പിൽ ഒടുക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ 2019-20 ൽ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ് , മെയിന്റനൻസ് ഫണ്ട് റോഡ് എന്നീ ഇനത്തിലുള്ള തുക ഉപയോഗിച്ച് നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ടാർ ബാരലിന്റെ ജി.എസ്.ടി. സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലാണ് (72203100000007) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരിക്കുന്നത്. സർക്കുലർ നം. 59827/എഫ്.എം./07/തസ്വഭവ തീയതി 30-10-2007 പ്രകാരം ഒഴിഞ്ഞ ടാർ വീപ്പയുടെ ജി.എസ്.ടി., വകുപ്പിൽ തിരിച്ചടക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കാലി ടാർ ബാരലിന്റെ ജി.എസ്.ടി. ഒടുക്ക് വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നമ്പർ (3/13.09.2021) ന് പഞ്ചായത്തിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് നൽകുന്നതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക ബന്ധപ്പെട്ട വകുപ്പിലേക്ക് അടവാക്കേണ്ടതാണ്. അടവാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-24 കൃഷി ഓഫീസർ - പദ്ധതി അവലോകനം

എരഞ്ഞോളി ഗ്രാമ പഞ്ചായത്തിന്റെ 2019-20സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി ആകെ 11 പദ്ധതികൾ നടപ്പിലാക്കി. ഇതിൽ വിത്ത്, വളം, തൈകൾ തുടങ്ങിയവ വിതരണം ചെയ്യുന്ന 08 പദ്ധതികളും ഉൾപ്പെടുന്നു ഗുണഭോക്താക്കളെ കൃത്യമായി കണ്ടെത്തി പദ്ധതി നടപ്പിലാക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥൻ ഏറെക്കുറെ വിജയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വർഷം നടപ്പിലാക്കിയ ഒരു പദ്ധതിയിലും വ്യക്തമായ മോണിറ്ററിംഗ് നടന്നിട്ടില്ല. പദ്ധതിയുടെ കൃത്യമായ അവലോകനത്തിൽ മാത്രമേ പദ്ധതിയുടെ ജയപരാജയങ്ങൾ വിലയിരുത്താൻ സാധിക്കുകയുള്ളൂ. പദ്ധതിയുടെ കൃത്യമായ മോണിറ്ററിംഗ് നടത്താത്തത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ഒരു പദ്ധതിയുടെ പൂർണ്ണ വിജയം എന്നത് ആ പദ്ധതിയിൽ നിന്നും വികസനോന്മുഖമായ എന്ത് മാറ്റങ്ങൾ സാമൂഹ്യ സാമ്പത്തിക അവസ്ഥകളിൽ ഉണ്ടായി എന്നുള്ളതാണ്.എന്നാൽ ഇത്തരത്തിലുള്ള മാറ്റങ്ങളെ വിശകലനം ചെയ്യുന്ന യാതൊരു വിധ മോണിറ്ററിംഗ് റിപ്പോർട്ടുകളും ഓഡിറ്റിൽ ലഭ്യമായിട്ടില്ല. പദ്ധതികളും അവയുടെ വികസന നേട്ടങ്ങളും വിശകലനം ചെയ്താൽ മാത്രമേ പിന്നീട് വിഭാവനം ചെയ്യുന്ന പദ്ധതികളിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തണമെന്നും ഏതു രീതിയിലാണ് പദ്ധതി നടപ്പിലാക്കണമെന്നും തിരിച്ചറിയാനും ആ രീതിയിൽ പദ്ധതി നടപ്പിലാക്കാനും സാധിക്കുകയുള്ളൂ. ആയതിനാൽ ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവ കൃത്യമായി വിശകലനം ചെയ്യുകയും മോണിറ്ററിംഗ് നടത്തുകയും പദ്ധതി കൊണ്ട് സാമൂഹ്യ സാമ്പത്തിക അവസ്ഥകളിൽ എന്തൊക്കെ മാറ്റങ്ങൾ ഉണ്ടായി എന്ന് കൃത്യമായി വിശകലനം നടത്തുകയും ചെയ്യേണ്ടതാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.11/2018/തസ്വഭവ തീയതി 29.01.2018 ഖ-13ൽ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും സംബന്ധിച്ച് നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-25 വെറ്റിനറി സർജൻ- പദ്ധതി അവലോകനം

2019-20 സാമ്പത്തിക വർഷം വെറ്റിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി ആകെ 07 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

ഇതിൽ വളർത്തുമൃഗങ്ങളെ/ പക്ഷികളെ നൽകുന്ന 03 പദ്ധതികളും ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതികളിൽ വളർത്തു മൃഗങ്ങളുടെ തെരഞ്ഞെടുക്കൽ ആരോഗ്യം തുടങ്ങിയവയിൽ മാത്രമാണ് മോണിറ്ററിംഗ് നടക്കുന്നത്. വളർത്തു മൃഗങ്ങളെ/ പക്ഷികളെ വാങ്ങി നൽകുമ്പോൾ അവയ്ക്ക് വൃത്തിയുള്ള താമസ സൗകര്യം ഉണ്ടോ എന്നുള്ളതും, ഭക്ഷണം കൃത്യമായി ലഭിക്കുന്നുണ്ടോ എന്നുള്ളതും, പ്രസ്തുത പദ്ധതി പ്രകാരം ഓരോ യൂണിറ്റിലും എത്ര ഉൽപാദനം നടന്നു എന്നുള്ളതും പക്ഷിമൃഗാദികളുടെ ആരോഗ്യകരമായ പ്രജനനം മൂലം പ്രസ്തുത യൂണിറ്റിൽ എത്രമാത്രം വികസനം ഉണ്ടായി എന്നും മോണിറ്ററിംഗ് നടത്തുന്നതായി കാണുന്നില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.11/2018/തസ്വഭവ തീയതി 29.01.2018 ഖ-13ൽ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും സംബന്ധിച്ച് നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-26 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ - വിതരണ രേഖകൾ ലഭ്യമാക്കിയില്ല 8437/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രോജക്ട് | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ |
| പ്രോജക്ട് നം. | S00137 /19-20 (സ്പിൽ ഓവർ) |
| അടങ്കൽ | 1,30,000/- വികസന ഫണ്ട് (പൊതു)<br>98,635/- തനത് ഫണ്ട് |
| ആകെ | 2,28,635/- |
| ചെലവ് | 1,30,000/- (വികസന ഫണ്ട് )<br>1. ബിൽ നമ്പർ- 1/19-20, 07-05-19 ₹ 130000 |

2018-19 ലെ വാർഷിക പദ്ധതിയിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ നൽകുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. 2019-20ൽ ബിൽ പ്രകാരം മാറിയ തുക ഉപയോഗിച്ച് മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത 22 ഗുണഭോക്താക്കൾക്ക് യാത്രാബത്ത ഇനത്തിൽ (@250*22) ₹5500ഉം, സഹായ ഉപകരണങ്ങൾ വിതരണം ചെയ്ത കേരള സ്റ്റേറ്റ് ഹാൻഡികാപ്പ്ഡ് പേഴ്സൺസ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ₹124500ഉം നൽകിയിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ് നമ്പർ 180/01.02.2019 പ്രകാരം 1,57,183/- രൂപയാണ് തുക. 2018-19 ൽ 32,683/- രൂപ അനുവദിച്ചിരുന്നു. സഹായ ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത്, ഉപകരണ നിർണ്ണയ ക്യാമ്പ് നടത്തിയത് എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയോടൊപ്പം സമർപ്പിച്ച ഫയൽ പരിശോധിച്ചതിൽ 16.11.2018 ന് നടന്ന ഉപകരണ നിർണയ ക്യാമ്പിൽ ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിച്ച് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട 15 ഗുണഭേക്താക്കൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കി. സഹായ ഉപകരണങ്ങൾ കൈപ്പറ്റിയവരിൽ നിന്നും കൈപ്പറ്റ് രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഉപകരണങ്ങളുടെ വിശദാംശങ്ങൾ കൃത്യമായി ചേർക്കാത്തതിനാൽ താഴെ പറയുന്ന ഉപകരണങ്ങളുടെ വിതരണ വിവരം ലഭ്യമല്ല .

| ഇൻവോയ്സ് നമ്പർ 180/01.02.2019 പ്രകാരം ലഭിച്ചത് | വിതരണം ചെയ്തത് | വിതരണ വിവരം ലഭ്യമാക്കേണ്ടത് | വിതരണ വിവരം ലഭ്യമാക്കേണ്ടതിന്റെ തുക |
|---|---|---|---|
| AFO -8 എണ്ണം | 5 | 3 | 2721 (₹907/യൂനിറ്റ് ) |
| Caliper Knee Cap – 2 എണ്ണം | 0 | 2 | 404 (₹202/യൂനിറ്റ്) |
| Accomodative Footwear-4 എണ്ണം | 0 | 4 | 5312 (₹1328/യൂനിറ്റ്) |
| | ആകെ | | 8437 |

സഹായ ഉപകരണങ്ങളുടെ വിതരണ രേഖകൾ ലഭ്യമാക്കുന്നത് വരെ 8437/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-27 വീടിന് പുതിയ മേൽക്കൂര പദ്ധതി - അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | 53/20 |
| അടങ്കൽ തുക | 1200000 |
| | |

| | |
|---|---|
| ചെലവ് തുക | 799981 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | VEO, എരഞ്ഞോളി ഗ്രാമപഞ്ചായത്ത് |
| പദ്ധതി | വീടിന് പുതിയ മേൽക്കൂര |

സർക്കാർ ഉത്തരവ് (കൈ) നമ്പർ22/2018/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച സബ്സിഡി ധനസഹായം അനുബന്ധ വിഷയങ്ങൾ മാർഗരേഖ പ്രകാരം വീടിന് മേൽക്കൂര മാറ്റിവെക്കൽ എന്ന പദ്ധതിക്ക് എസ്റ്റിമേറ്റ് ഗുണഭോക്താവ് തയ്യാറാക്കേണ്ടതും ആയത് എൽ എസ് ജി ഡി അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ മേൽ പദ്ധതിപ്രകാരം പഞ്ചായത്തിൽ നടപ്പിലാക്കിയ മേൽക്കൂര മാറ്റിവെക്കൽ എന്ന പദ്ധതിയിൽ ഈ മാനദണ്ഡം പാലിച്ചതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വാർഡ് /ബിൽഡിംഗ് നമ്പർ | അനുവദിച്ച തുക |
|---|---|---|
| റീന മണപ്പാട്ടി | 8/350 | 75000 |
| എം മുകുന്ദൻ | 11/321 | 75000 |
| ശാന്ത മൂർക്കോത്ത് | 1/57 | 75000 |
| മുരിക്കോളി ഗോപി | 13/310 | 75000 |

ഭാവിയിൽ പദ്ധതി നിർവ്വഹണം നടത്തുമ്പോൾ സർക്കാർ ഉത്തരവ് അനുശാസിക്കുന്ന നിർദ്ദേശങ്ങൾ/ നിബന്ധനകൾ പാലിക്കേണ്ടതാണ്.

## 1-28 എസ് എസ് എ വിഹിതം നൽകൽ - രേഖകൾ ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ,<br>ജി.എച്ച്.എസ്.എസ് വടക്കുമ്പാട്<br>എരഞ്ഞോളി ഗ്രാമ പഞ്ചായത്ത്. |
| പ്രോജക്ട് നമ്പർ | 10 |
| പ്രോജക്ടിന്റെ പേര് | എസ് എസ് എ വിഹിതം നൽകൽ |
| അടങ്കൽ | ₹13,00,000 വികസന ഫണ്ട് |
| ആകെ | ₹13,00,000 |
| ചെലവ് ബിൽ നം/തീയതി<br>ആകെ | 1/2019-20/21.08.2019/₹8,00,000<br>2/2019-20/28.09.2019/₹5,00,000<br>₹13,00,000 |

എസ് എസ് എ യുടെ ആഭിമുഖ്യത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന വിദ്യാലയങ്ങളിൽ അക്കാദമിക, അക്കാദമികേതര പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിരിക്കുന്ന സമഗ്ര ശിക്ഷ കേരളം പദ്ധതിക്ക് ആവശ്യമായ ഫണ്ടിന്റെ 60% കേന്ദ്ര സർക്കാർ വിഹിതവും 40% സംസ്ഥാന സർക്കാറുകൾ അതാത് പ്രാദേശിക സർക്കാരിൽ നിന്നുള്ള വിഹിതമായി കണ്ടെത്തുകയുമാണ് ചെയ്യുന്നത്. ആയതിന്റെ ഭാഗമായി ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികളുടെ നിർവഹണത്തിനായി ഗ്രാമ പഞ്ചായത്ത് വിഹിതമായ 13,00,000/- രൂപ ജില്ലാ പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/13.09.2021) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം പദ്ധതിയുമായി ബന്ധപ്പെട്ട് തീർപ്പാക്കാൻ അവശേഷിക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതിയുടെ അടങ്കൽ തുകയായ 13 ലക്ഷം രൂപ SSA ജില്ലാ പ്രൊജക്ട് ഓഫീസറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല.

2) പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് പരിധിയിൽ തുക ചെലവഴിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഖണ്ഡികയിൽ പരാമർശിച്ച രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1- 29 യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം പദ്ധതി നടപ്പിലാക്കാത്തത്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ,<br>ജി.എച്ച്.എസ്.എസ്. വടക്കുമ്പാട്<br>എരഞ്ഞോളി ഗ്രാമ പഞ്ചായത്ത്. |
| പദ്ധതിയുടെ പേര് | യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം |

| | |
|---|---|
| പ്രൊജക്ട് നം. | 66/20 |
| അടങ്കൽ | ₹20,000/- (വികസന ഫണ്ട്) |

ഗ്രാമ പഞ്ചായത്തിലെ രജിസ്റ്റർ ചെയ്ത 5 സ്പോർട്സ് ക്ലബ്ബുകൾക്ക് 4000 രൂപ വിലയുള്ള സ്പോർട്സ്/ഗെയിംസ് ഉപകരണങ്ങളുള്ള കിറ്റ് വിതരണം ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. പദ്ധതി നടപ്പാക്കാതെ പോയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/13.09.2021) മറുപടിയായി പഞ്ചായത്തിൽ രജിസ്റ്റേർഡ് ക്ലബ്ബുകൾ ലഭ്യമല്ല എന്ന് നിർവഹണ സമയത്താണ് മനസ്സിലായതെന്നും ആയതിനാലാണ് പദ്ധതി നടപ്പിലാക്കാൻ കഴിയാതെ പോയതെന്നും അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ രജിസ്റ്റേർഡ് ക്ലബ്ബുകൾ നിലവിലുണ്ടോ എന്ന് പരിശോധിക്കാതെയാണ് പ്രസ്തുത പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. തുക വകയിരുത്തിയ ശേഷം ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ പദ്ധതി നടപ്പാക്കാതെ പോകുന്നത് പദ്ധതി ആസൂത്രണത്തിലെ വീഴ്ചയായാണ് ഓഡിറ്റ് വിലയിരുത്തുന്നത്. വിഭാവനം ചെയ്യുന്ന പദ്ധതികളുടെ സ്വീകാര്യതയും ഗുണഭോക്തൃ പങ്കാളിത്തവും പരിഗണിച്ച് ഓരോ മേഖലയിലും നടപ്പാക്കേണ്ട പദ്ധതികൾക്ക് തുക ചെലവഴിക്കേണ്ടതാണ്. നടപ്പാക്കാൻ സാധ്യത കുറവായ പദ്ധതികൾക്കായി തുകകൾ വകയിരുത്തുകയും വിനിയോഗിക്കാതെ ലാപ്സാകുകയും ചെയ്യുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 1-30 വടക്കുമ്പാട് ഹൈസ്കൂൾ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ധനസഹായം നൽകൽ -അപാകതകൾ - 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ,<br>ജി.എച്ച്.എസ്.എസ്. വടക്കുമ്പാട്<br>എരഞ്ഞോളി ഗ്രാമ പഞ്ചായത്ത്. |
| പ്രോജക്ട് നമ്പർ | 184 |
| പ്രോജക്ടിന്റെ പേര് | വടക്കുമ്പാട് ഹൈസ്കൂൾ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ധനസഹായം നൽകൽ |
| അടങ്കൽ<br>ആകെ | ₹50,000 തനത് ഫണ്ട്<br>₹50,000 |
| ചെലവ് | വൗച്ചർ നം. 21900883 തീയതി 12/02/2020 ₹27,105<br>വൗച്ചർ നം. 21900884 തീയതി 12/02/2020 ₹22,895<br>ആകെ : ₹50,000 |

പദ്ധതിയുടെ ഭാഗമായി വടക്കുമ്പാട് ഹൈസ്കൂൾ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റിന് കെൽട്രോണിൽ നിന്ന് ഒരു ലാപ്ടോപ്പും സിഡ്കോയിൽ നിന്ന് ഫർണിച്ചറുകളും (സ്റ്റീൽ കാബിനറ്റ് –2 എണ്ണം, സ്റ്റീൽ റാക്ക് – ഒരെണ്ണം, പ്ലാസ്റ്റിക്ക് കസേര – 2 എണ്ണം) വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതി അടങ്കൽ തുകയായ 50000 രൂപ നിർവഹണ ഉദ്യോഗസ്ഥനായ വടക്കുമ്പാട് ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ഹെഡ്മാസ്റ്ററുടെ ടി എസ് ബി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയും, പ്രസ്തുത അക്കൗണ്ടിൽ നിന്ന് ഉപകരണങ്ങൾ പർച്ചേസ് ചെയ്ത സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയുമായിരുന്നു.

പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (8/13.09.2021) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം പദ്ധതിയുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

A) കെൽട്രോണിൽ നിന്ന് ലാപ്ടോപ്പ് വാങ്ങിയതുമായി ബന്ധപ്പെട്ട് 22,895/- രൂപയുടെ ഒറിജിനൽ ബിൽ ലഭ്യമാക്കേണ്ടതാണ്.

B) ലാപ്ടോപ്പ് വാങ്ങിയതുമായി ബന്ധപ്പെട്ട് കെൽട്രോണിന് കൈമാറിയ തുകയുടെ കൈപ്പറ്റ് രസീത് ലഭ്യമാക്കേണ്ടതാണ്.

C) പദ്ധതിയുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ പർച്ചേസ് ചെയ്തതിന്റെ തീയതിയോ ഉപകരണങ്ങൾ വാങ്ങിയ സ്ഥാപനത്തിന്റെ പേരോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ പ്രസ്തുത പർച്ചേസ് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മുൻപ് നടത്തിയിട്ടുള്ളതോ പിന്നീട് നടത്തിയതോ ആയ പർച്ചേസുകൾ സംബന്ധിച്ച വിശദാംശങ്ങൾ ഒന്നും തന്നെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇലക്ട്രോണിക്സ് ഉപകരണങ്ങളും ഫർണിച്ചറുകളും ഒറ്റ സ്റ്റോക്ക് രജിസ്റ്ററിൽ തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനത്തിൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല എന്ന് ഇതിനാൽ വ്യക്തമാണ്. സ്ഥാപനത്തിൽ പരിപാലിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ കാലികമായി സൂക്ഷിക്കേണ്ടതും പർച്ചേസുകളുമായി ബന്ധപ്പെട്ട എല്ലാ വിശാദശാംശങ്ങളും കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

D) പദ്ധതിയുടെ ഭാഗമായി ലാപ്ടോപ്പ് പർച്ചേസ് ചെയ്തിരിക്കുന്നത് കെൽട്രോണിൽ നിന്നാണ്. എന്നാൽ CPRCS പോർട്ടൽ മുഖാന്തരമാണോ പർച്ചേസ് നടത്തിയിരിക്കുന്നതെന്ന് വ്യക്തമല്ല. CPRCS പോർട്ടൽ മുഖേന ഉപകരണങ്ങൾ പർച്ചേസ് ചെയ്യുമ്പോൾ പ്രൊഫോമ ഇൻവോയിസ് ജനറേറ്റ് ചെയ്തതിന് ശേഷം ആയത് പ്രകാരമുള്ള തുക കെൽട്രോണിന് അഡ്വാൻസ് പേയ്മെന്റ് ആയി നൽകുകയും അതിന് ശേഷം കെൽട്രോണിൽ നിന്ന് ഉപകരണം ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്. എന്നാൽ ഫയലിൽ സമർപ്പിച്ചിരിക്കുന്ന പ്രൊഫോമ ഇൻവോയിസ് ജനറേറ്റ് ചെയ്തിരിക്കുന്നത് 02.03.2020 നം തുക കെൽട്രോണിന്

കൈമാറിയിരിക്കുന്നത് 05.02.2020 നമാണ്. പർച്ചേസ് നടത്തിയിരിക്കുന്നത് CPRCS പോർട്ടൽ മുഖാന്തരമാണെന്നും പ്രൊഫോമ ഇൻവോയിസ് ജനറേറ്റ് ചെയ്തിരിക്കുന്ന തിയ്യതിക്ക് മുൻപ് തന്നെ കെൽട്രോണിന് തുക കൈമാറിയിരിക്കുന്നത് "ടെക്നിക്കൽ എറർ" ആണെന്നും ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് കെൽട്രോണിൽ നിന്നുള്ള രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് CPRCS പോർട്ടൽ പേജിന്റെ സ്ക്രീൻഷോട്ടിന്റെ പകർപ്പ് സമർപ്പിച്ചിട്ടുണ്ട്. ഇത് പ്രകാരം ലാപ്ടോപ്പ് പർച്ചേസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് 10.12.2019 നം 02.03.2020 നം രണ്ട് പ്രൊഫോമ ഇൻവോയിസുകൾ ജനറേറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ രണ്ട് ലാപ്ടോപ്പുകൾ പർച്ചേസ് ചെയ്തതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ലാപ്ടോപ്പ് പർച്ചേസുമായി ബന്ധപ്പെട്ട് കെൽട്രോണിൽ നിന്നുള്ള രേഖകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 കേരളോത്സവം - പദ്ധതി നടത്തിപ്പിലെ അപാകതകൾ - 99,917/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ,<br>ജി.എച്ച്.എസ്.എസ്. വടക്കുമ്പാട്<br>എരഞ്ഞോളി ഗ്രാമ പഞ്ചായത്ത്. |
| പ്രോജക്റ്റ് നമ്പർ | 11/20 |
| പ്രോജക്റ്റിന്റെ പേര് | കേരളോത്സവം |
| അടങ്കൽ<br>ആകെ | ₹5,000 – വികസന ഫണ്ട്<br>₹75,000 – തനത് ഫണ്ട്<br>₹20,000 – മറ്റുള്ളവ<br>₹1,00,000 |
| ചെലവ്<br>ബിൽ നം/തീയതി | 5/2019-20/31.01.2020/₹5,000<br>വൗച്ചർ നം. 21900802 തീയതി 23/01/2020 ₹94,917<br>ആകെ – ₹99,917 |

കേരള സംസ്ഥാനത്തെ യുവജനങ്ങളുടെ, കലാ-കായിക-സാഹിത്യ രംഗങ്ങളിലെ, നൈപുണ്യം പരിപോഷിപ്പിക്കുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, സംഘടിപ്പിച്ചുവരുന്ന ബൃഹത് പദ്ധതിയാണ് 'കേരളോത്സവം'. എരഞ്ഞോളി ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ കേരളോത്സവത്തിന്റെ നടത്തിപ്പുമായി ബന്ധപ്പട്ട ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/14.09.2021) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം പദ്ധതിയുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

A) 2019-20 ലെ കേരളോത്സവം മാർഗ്ഗരേഖ ഖണ്ഡിക 8.4(3) ലെ നിർദ്ദേശ പ്രകാരം ജില്ലാ സ്പോർട്സ് കൗൺസിൽ അല്ലെങ്കിൽ ജില്ലാതല ഒഫിഷ്യൽസ് മാത്രമേ കായിക മത്സരങ്ങൾ നിയന്ത്രിക്കുവാൻ പാടുള്ളൂ. കായിക മത്സരങ്ങൾ നിയന്ത്രിച്ചതുമായി ബന്ധപ്പെട്ട് ഷിനോജ്, ആരാധന, സച്ചിൻ, ശ്രീധരൻ എന്നിവർക്ക് 1000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇവരുടെ യോഗ്യത സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. 2019ലെ കേരളോത്സവത്തിന്റെ നടത്തിപ്പിന് പദ്ധതി വിഹിതം മാത്രം ഉപയോഗിച്ച് നടത്താൻ പ്രയാസമായിരുന്നതിനാൽ ജില്ലാ സ്പോർട്സ് കൗൺസിൽ അല്ലെങ്കിൽ ജില്ലാതല ഒഫിഷ്യൽസിനു പകരം പ്രാദേശികമായി ലഭ്യമായ ഒഫീഷ്യൽസിനെയാണ് ഉപയോഗിച്ചിരുന്നതെന്നാണ് മറുപടിയിൽ പരാമർശിച്ചിട്ടുള്ളത്. പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

B) പദ്ധതിയുമായി ബന്ധപ്പെട്ട് തീർത്ഥം ലൈറ്റ് & സൗണ്ടിൽ (₹40,270) നിന്നുള്ള കൈപ്പറ്റ് രസീത് സമർപ്പിച്ചിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

C) പദ്ധതിയുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ പർച്ചേസ് ചെയ്തതിന്റെ തീയതിയോ ഉപകരണങ്ങൾ വാങ്ങിയ സ്ഥാപനത്തിന്റെ പേരോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതികളുമായി ബന്ധപ്പെട്ട് സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററുകളിൽ പർച്ചേസുകളുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും രേഖപ്പെടുത്തി സൂക്ഷിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 99,917/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 സാക്ഷരത തുല്യത പരീക്ഷ ഫീസ് ഒടുക്കൽ -അപാകതകൾ - 37,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ,<br>ജി.എച്ച്.എസ്.എസ് വടക്കുമ്പാട്<br>എരഞ്ഞോളി ഗ്രാമ പഞ്ചായത്ത്. |
| പ്രോജക്ട് നമ്പർ | 12 |
| പ്രോജക്ടിന്റെ പേര് | സാക്ഷരത തുല്യത പരീക്ഷ ഫീസ് ഒടുക്കൽ |
| അടങ്കൽ<br>ആകെ | ₹37,000 വികസന ഫണ്ട്<br>₹37,000 |
| ചെലവ് ബിൽ നം/തീയതി | 3/2019-20/31.01.2020/₹17,500<br>4/2019-20/31.01.2020/₹19,500<br>ആകെ – ₹37,000 |

ഹെഡ്മാസ്റ്റർ, ജി.എച്ച്.എസ്.എസ്, വടക്കുമ്പാട് നിർവ്വഹണം നടത്തിയ സാക്ഷരത തുല്യത പരീക്ഷ ഫീസ് ഒടുക്കൽ പദ്ധതി പ്രകാരം പത്താംതരം തുല്യതാ പരീക്ഷയ്ക്ക് വേണ്ടി 10 പഠിതാക്കൾക്ക് 1750/- രൂപ വീതം 17,500/- രൂപ കേരള സാക്ഷരതാ മിഷൻ ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിലേക്കും (അക്കൗണ്ട് നം. 57026996123), ഹയർസെക്കന്ററി തുല്യതാ പരീക്ഷയ്ക്ക് വേണ്ടി 10 പഠിതാക്കൾക്ക് 1950/- രൂപ വീതം 19500/- രൂപ ജില്ലാ സാക്ഷരതാ മിഷൻ, കോഴിക്കോടിന്റെ ബാങ്ക് അക്കൗണ്ടിലേക്കും (അക്കൗണ്ട് നം. 02880100113107) നൽകിയിട്ടുണ്ട്.

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/13.09.2021) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം പദ്ധതിയുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

A) പദ്ധതിയുടെ ഭാഗമായി കൈപ്പറ്റിയ തുകയ്ക്ക് സാക്ഷരതാ മിഷനിൽ നിന്ന് ലഭ്യമാക്കിയ കൈപ്പറ്റ് രസീതും വിനിയോഗ സാക്ഷ്യ പത്രവും ഹാജരാക്കേണ്ടതാണ്.

B) പഠിതാക്കളുടെ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ച യോഗ തീരുമാനത്തിന്റെ പകർപ്പ് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഭരണസമിതി അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

C) പഠിതാക്കളുടെ രജിസ്ട്രേഷൻ നടപടികളുടെ വിശദാംശങ്ങൾ, പരിശീലന ക്ലാസിലെ ഹാജർ രേഖകൾ എന്നിവ ഹാജരാക്കിയിട്ടുണ്ട്. പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെ രേഖകൾ, പരീക്ഷ പാസായി സർട്ടിഫിക്കറ്റ് നൽകിയതിന്റെ രേഖകൾ, കോഴ്സ് പൂർത്തിയാക്കിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 37,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ പൊതു ആവശ്യത്തിനായി കുളം നിർമ്മിച്ച നൽകിയത് - മുദ്രപത്രത്തിൽ കരാർ ചമച്ചിട്ടില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യകൃഷി, മറ്റ് കൃഷി ആവശ്യങ്ങൾ എന്നിവയ്ക്ക് ഉപയോഗിക്കാനായി ലക്ഷ്യമിട്ടു കൊണ്ട് താഴെ പറയുന്ന സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ കുളം നിർമ്മിച്ച നൽകിയിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര് | വാർഡ് നമ്പർ | വ്യക്തികളുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| മാത്തുഭാഗം കുളം നിർമ്മാണം | 13 | ഹരികൃഷ്ണാനന്ദൻ.ടി.വി | 52459 | 35568 |
| ചന്ദ്രോത്ത് കുളം നിർമ്മാണം | 15 | കദീജ | 76273 | 33941 |

സർക്കുലർ നമ്പർ 14829/DD2/09/LSGD/02.03.09 പ്രകാരം പൊതുജനങ്ങൾക്ക് തടസ്സമില്ലാതെ ജലം ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്ത് ഗ്രാമപഞ്ചായത്ത് സ്ഥലം ഉടമയുമായി മുദ്ര പത്രത്തിൽ കരാർ വയ്ക്കണം. കരാർ ലംഘനമുണ്ടായാൽ ചെലവ് തുകയുടെ 12% പലിശ സഹിതം സ്ഥലമുടമ തിരിച്ചടയ്ക്കണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്യണം. എന്നാൽ ടി കരാർ ഫയലിൽ ലഭ്യമല്ല. മേൽ വിഷയം സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 22 തീയതി 20.09.2021 ന് ഹാജരാക്കിയ മറുപടിയിൽ ടി ഗുണഭോക്താക്കൾ മുദ്രപത്രത്തിൽ കരാർ വെക്കാൻ വിമുഖത കാണിച്ച സാഹചര്യത്തിൽ വെള്ളക്കടലാസിൽ സമ്മതപത്രം എഴുതി വാങ്ങുകയാണ് ചെയ്തതെന്നാണ് സെക്രട്ടറി അറിയിച്ചിരിക്കുന്നത്. ഭാവിയിൽ കുളം നിർമ്മാണ പ്രവൃത്തികളിൽ മുദ്രപത്രത്തിൽ കരാർ വെക്കുന്നതായരിക്കുമെന്നും ഉറപ്പ് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുമായി കരാർ വെച്ച് പൊതുജനങ്ങൾക്ക് തടസ്സമില്ലാതെ ജലം ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്ത് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 8.9.2021,9.9.2021 | കെ.എസ്.എ/കെ.എൻ.ആർ/സി.7/ 1072/2021 തീയതി: 23.10.2021 |

### 4-2 സംയുക്ത പ്രോജക്റ്റുകൾക്കുള്ള ഫണ്ട് വിനിയോഗം

| സ്ഥാപനം | ലഭിച്ച തുക | പ്രോജക്റ്റ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1,00,000 | 17/20 സാന്ത്വന പരിചരണം | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 5,20,000 | 38/20 എരഞ്ഞോളി ബഡ്സ് റീഹാബിലിറ്റേഷൻ സെൻറർ ദൈനം ദിന നടത്തിപ്പ് | 5,20,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 17,000 | 110 /20 പച്ചക്കറി കൃഷിക്ക് ജൈവവളം,കുമ്മായം , കൂലിചെലവ് സബ്സിഡി | 17,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1,00,000 | 27/20 കറവപശുക്കൾക്ക് പാലിന് സബ്സിഡി | 90,903 | 9,097 |
| ബ്ലോക്ക് പഞ്ചായത്ത് | 1,93,575 | 6/20 ശാരീരികമാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,93,575 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 10,00,000 | ചുങ്കം കുടക്കളം റോഡ് പുനരുദ്ധാരണം 126/20 | 10,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 10,00,000 | ലൈഫ് ഭവന പദ്ധതി 56/20 | 0 | 10,00,000 |
| ജില്ലാ പഞ്ചായത്ത് | 32,500 | 58/20മുട്ടക്കോഴി വളർത്തൽ സ്കൂൾകുട്ടികൾക്ക് | 32,500 | 0 |
| ജില്ലാ പഞ്ചായത്ത് | 1,96,183 | 17/20സാന്ത്വന പരിചരണം | 1,96,183 | 0 |
| ജില്ലാ പഞ്ചായത്ത് | 3,86,192 | 38/20 എരഞ്ഞോളി ബഡ്സ് റീഹാബിലിറ്റേഷൻ സെൻറർ ദൈനം ദിന നടത്തിപ്പ് | 3,86,192 | 0 |
| ജില്ലാ പഞ്ചായത്ത് | 1,93,575 | 6/20 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,93,575 | 0 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ മുന്നിരിപ്പുള്ള തുകയിൽ നിന്നും 1,65,205/- തിരിച്ചടച്ചു. ബാക്കിയുള്ള തുക 1,85,700/- വർഷങ്ങളായി നീക്കിയിരിപ്പായി തുടരുന്നു. ജില്ലാ പഞ്ചായത്ത് വിഹിതം മുന്നിരിപ്പിലുള്ള മുഴുവൻ തുകയും തിരിച്ചടച്ചു.

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം/ ചെക്ക് നം | മുൻകൂർ നൽകിയ തുക | വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവായ തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ KWA യുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21900909 തീയതി 27.2.2020 | 1,50,000 | 0 | 1,50,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

തൻവർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിയ്ക്കുന്ന വായ്പ തുകയുടേയും വിശദ വിവരം താഴെകൊടുക്കുന്നു

| വായ്പ ഇനം | ലഭിച്ച തുക | ഉത്തരവ് | മുൻവർഷാരംഭത്തിൽ തിരിച്ചടക്കാൻ ഉണ്ടായ തുക | ഒടുക്കിയ തുക | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | | | | തുക | പലിശ | |
| ലൈഫ് ഭവന പദ്ധതി | 880589 | ജിഒ (എംഎസ്) 68/2018 (തിയ്യതി 18.05.2018) | 7,63,448 | 1,47,059 | 0 | 6,16,389 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 16,056/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പേരും | രശീതി നമ്പർ& തിയ്യതി |
|---|---|---|---|---|
| 1999-2000 | 3-4 | 1490 | രഘൂത്തമൻ കെ, കോൺട്രാക്ടർ | 119080100609 Dt.17.05.2019 |
| 2003-04 | 3-12 | 548 | ഷീജ, ഐസിഡിഎസ് സൂപ്പർവൈസർ | 119080100447 Dt.6.05.2019 |
| 2003-04 | 3-6 | 880 | പി സദാനന്ദൻ, കൺവീനർ | 119080100487 Dt.08.05.2019 |
| 2009-10,2010-11,2011-12 | 3-23 | 2672 | വി.എം വിനീഷ് കുമാർ | 11908100555 Dt.14.05.2019 |
| 2009-10,2010-11,2011-12 | 3-23 | 1194 | രഘൂത്തമൻ കെ, കോൺട്രാക്ടർ | 119080100610 Dt.17.05.2019 |
| 2009-10,2010-11,2011-12 | 3-23 | 494 | പ്രസൂൽ പി, കോൺട്രാക്ടർ | 119080100622 Dt.18.05.2019 |
| 2017-18 | 3-1 | 1711 | തുളസി എം | 119080101698 Dt.22.07.2019 |

| | | | | |
|---|---|---|---|---|
| 2017-18 | 3-1 | 1598 | രജീഷ്മ പൂവാടൻ | 119080102199<br>Dt.19.08.2019 |
| 2017-18 | 3-1 | 2369 | മനില | 119080103868<br>Dt.04.11.2019 |
| 2017-18 | 3-1 | 1619 | സന്തോഷ് കെ | 119080103963<br>Dt.07.11.2019 |
| 2017-18 | 3-1 | 1481 | വിക്ടോറിയ | 119080102618<br>Dt.16.09.2019 |
| ആകെ | | 16,056 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 5,7 | 2003-04 | 3.13.17 | മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ | പരാമർശം നിലനിൽക്കുന്നു |
| പ്രവർത്തന അവലോകനം | | 2011-12 | 2-1 | ഗ്രാമസഭ പൊതു അവലോകനം | പരാമർശം നിലനിൽക്കുന്നു |
| 2008-09 | 3-2 | 2011-12 | 2-6 | നിക്ഷേപ പ്രവൃത്തി അനർട്ട് | പരാമർശം നിലനിൽക്കുന്നു |
| പ്രവർത്തന അവലോകനം | | 2012-13 | 3.4.5.2 | ലേബർ ബജറ്റും വാർഷിക കർമ്മ പദ്ധതിയും | പരാമർശം നിലനിൽക്കുന്നു |
| പ്രവർത്തന അവലോകനം | | 2012-13 | 3.4.13 | ജാഗ്രത മേൽനോട്ട സമിതികൾ | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2.2 | 2016-17 | 2 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,53,12,340.00 |
| | |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,09,86,384.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,84,942 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 1,89,588 | ശ്രീ.സന്തോഷ്.പി (അസിസ്റ്റന്റ് എഞ്ചിനിയർ) |
| 1-26 | 8,437 | ശ്രീമതി.സോന.എം.കെ (ഐ സി ഡി എസ് സൂപ്പർവൈസർ) |
| 1-30 | 50,000 | ശ്രീ.പ്രേമരാജൻ പി വി (ഹെഡ് മാസ്റ്റർ) |
| 1-31 | 99,917 | ശ്രീ.പ്രേമരാജൻ പി വി (ഹെഡ് മാസ്റ്റർ) |
| 1-32 | 37,000 | ശ്രീ.പ്രേമരാജൻ പി വി (ഹെഡ് മാസ്റ്റർ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര് | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീ.സന്തോഷ്.പി (അസിസ്റ്റന്റ് എഞ്ചിനീയർ) | അസിസ്റ്റന്റ് എഞ്ചിനീയർ<br>എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് | പുനത്തുമ്മൽ<br>ഹൗസ്<br>കരിയാട് സൗത്ത്<br>(പി ഒ) |
| ശ്രീമതി.സോന.എം.കെ (ഐ സി ഡി എസ് സൂപ്പർവൈസർ) | ഐ സി ഡി എസ്<br>സൂപ്പർവൈസർ<br>ഐ സി ഡി എസ് ഓഫീസ്<br>-അഡീഷണൽ,പിണറായി | പാർവണ, കോട്ടം,<br>മുണ്ടലൂർ(പി ഒ) |
| ശ്രീ.പ്രേമരാജൻ പി വി | ഹെഡ് മാസ്റ്റർ<br>എച്ച്.എം ബ്രണ്ണൻ<br>എച്ച്.എസ്.എസ്. തലശ്ശേരി | സൗപർണ്ണിക,<br>പൂക്കോം,<br>പാനൂർ പി ഒ |

## 4-11 ഓഡിറ്റ് ഇംപാക്റ്റ്

ഓഡിറ്റിനോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ തുക 4,460/- രൂപ താഴെ കൊടുത്ത പ്രകാരം തിരിച്ചടച്ചിട്ടുണ്ട്.

| ക്രമ നം. | ഓഡിറ്റ് എൻക്വയറി നം.&തീയതി | വിഷയം | തുക |
|---|---|---|---|
| 1 | 20/17.09.21 | ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി | 1560 |
| 2 | 15/ 14.09.21 | മോട്ടോർ റണ്ണിങ്ങ് ഫീസ് | 2900 |
| ആകെ | | | 4460 |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1999-00 | കെഎസ്എ/കെഎൻആർ/സി7/776/2019 തീയതി 14.06.2019 | 1 |
| 1999-00 (പദ്ധതി വിഹിതം ) | കെഎസ്എ/കെഎൻആർ/സി7/776/2019 തീയതി 14.06.2019 | 3 |
| 2002-03 | കെഎസ്എ/കെഎൻആർ/സി7/776/2019 തീയതി 14.06.2019 | 1 |
| 2003-04 | കെഎസ്എ/കെഎൻആർ/സി7/776/2019 തീയതി 14.06.2019 | 2 |
| 2007-08 | കെഎസ്എ/കെഎൻആർ/സി7/776/2019 തീയതി 14.06.2019 | 3 |
| 2008-09 | കെഎസ്എ/കെഎൻആർ/സി7/776/2019 തീയതി 14.06.2019 | 3 |
| 2009-10, 2010-11, 2011-12 | കെഎസ്എ/കെഎൻആർ/സി7/776/2019 തീയതി 14.06.2019 | 1 |
| 2013-14, 2014-15 | കെഎസ്എ/കെഎൻആർ/സി7/776/2019 തീയതി 14.06.2019 | 1 |
| 2015-16 | കെഎസ്എ/കെഎൻആർ/സി7/776/2019 തീയതി 14.06.2019 | 2 |
| 2016-17 | കെഎസ്എ/കെഎൻആർ/സി7/776/2019 തീയതി 14.06.2019 | 5 |
| 2017-18 | കെഎസ്എ/കെഎൻആർ/സി7/18/2019 തീയതി 01.08.2019 | 12 |
| 2018-19 | കെഎസ്എ/കെഎൻആർ/സി7/106/2020 തീയതി 27.07.2020 | 18 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Eranholi Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 14934821.28 |
| Cash | Cash | RP-40(a) | 13111.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2008140.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1000.00 |
| 140000000 | Fees & User Charges | RP-4 | 700737.00 |
| 150000000 | Sale & Hire Charges | RP-5 | 52500.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 32921366.00 |
| 171000000 | Interest Earned | RP-9 | 417907.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4387746.00 |
| 340000000 | Deposits Received | RP-34 | 70000.00 |
| 350000000 | Other Liabilities | RP-36 | 82420.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 69492.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 219.00 |
| 311000000 | Earmarked Funds | RP-29 | 1733.00 |
| 340000000 | Deposits Received | RP-34 | 45724.00 |
| 350000000 | Other Liabilities | RP-36 | 793896.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3558624.00 |
| 460000000 | Loans, Advances and Deposits | RP-47 | 200836.00 |
| | Grand total | | 60260272.28 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2089727.00 |
| 220000000 | Administrative Expenses | RP-12 | 819603.00 |
| 230000000 | Operations & Maintenance | RP-13 | 1565646.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 1341879.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 8394934.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1676747.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 3731847.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 266680.00 |
| 255000000 | Maintenance Projects | RP-20 | 4165316.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 26045.00 |
| 280000000 | Prior Period item | RP-26 | -16897.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1271774.00 |
| 340000000 | Deposits Received | RP-34 | 46000.00 |
| 350000000 | Other Liabilities | RP-36 | 5277016.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 6139.00 |
| 340000000 | Deposits Received | RP-34 | 11179.00 |
| 350000000 | Other Liabilities | RP-36 | 1861938.00 |
| 410000000 | Fixed Assets | RP-38 | 7321169.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 420000000 | Investments | RP-41 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 1129642.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 19273888.28 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 60260272.28 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Eranholi Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5646730.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1000.00 |
| 140000000 | Fee & User Charges | I-4(b) | 1609217.00 |
| 150000000 | Sale & Hire Charges | I-5(b) | 52500.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 89872899.00 |
| 171000000 | Interest Earned | I-8 | 417907.00 |
| 180000000 | Other Income | I-9 | 823537.00 |
| | Total Income | | 98423790.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9181426.00 |
| 220000000 | Administrative Expenses | I-11(b) | 925752.00 |
| 230000000 | Operations & Maintenance | I-12(b) | 1835151.00 |
| 240000000 | Interest & Finance Charges | I-13 | 6139.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 1993340.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 15418382.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1778463.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 3731847.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 46138880.00 |
| | | | |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 4165316.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 26045.00 |
| 272000000 | Depreciation | I-17(a) | 5770553.00 |
| | Total Expenditure | | 90971294.00 |
| | Gross Surplus/ Deficit of income over Expenditure | | 7452496.00 |
| 280000000 | Prior Period Item | I-18 | -19297.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 7471793.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3-3
## ബാലൻസ് ഷീറ്റ്

Eranholi Grama Panchayat BALANCE SHEET
as on 31March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 14389911.19 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 44512.00 |
| 312000000 | Reserves | B-3 | 37026761.00 |
| | Total Reserve & Surplus | | 51461184.19 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 2311218.09 |
| | Total Grants, Contributions for Specific Purposes | | 2311218.09 |
| | Loans | | |
| 330000000 | Secured Loans | B-5 | 616389.00 |
| | Total Loans | | 616389.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 86595.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 986663.00 |
| | Total Current Liabilities and Provisions | | 1073258.00 |
| | TOTAL LIABILITIES | | 55462049.28 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 57554148.00 |
| 411000000 | Accumulated Depreciation | B-11 | -22294831.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 35259317.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 79631.00 |
| 450000000 | Cash and Bank Balance | B-17 | 19273888.28 |
| 460000000 | Loans, Advances and Deposits | B-18 | 849213.00 |

| | |
|---|---|
| Total Current Assets, Loans and Advances | 20202732.28 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 55462049.28 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.